ഹരിതകേരളം മിഷൻ
കേരള സർക്കാർ

23.10.2018

# പത്രക്കുറിപ്പ്

## ജനകീയ മുന്നേറ്റത്തോടെയുള്ള നദീ പുനരുജ്ജീവന പ്രവർത്തനങ്ങൾ കയ്യേറ്റം ഒഴിപ്പിക്കലിന് വഴിയൊരുക്കും : ഡോ.ടി.എം.തോമസ് ഐസക്

നദീ പുനരുജ്ജീവനവും പുനരുദ്ധാരണവും നമ്മുടെ നാട്ടിൽ അസാധ്യമായ കാര്യമല്ലെന്ന് ധനമന്ത്രി ഡോ.തോമസ് ഐസക്. ഇതോടനുബന്ധിച്ച് പ്രശ്നങ്ങളുണ്ടാവുമ്പോൾ അവ നേരിടാനുള്ള ജനകീയ ഇച്ഛാശക്തി രൂപപ്പെടുത്തിയെടുക്കുകയാണ് വേണ്ടത്. സംസ്ഥാനത്ത് പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങളും ഇതിനായി ജനകീയ ഇടപെടലുകൾ നടത്തിയവരെ പങ്കെടുപ്പിച്ചുകൊണ്ട് ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ശിൽപ്പശാലയിൽ "നദീ പുനരുജ്ജീവനം ഭാവി പരിപ്രേക്ഷ്യം" അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ ജനകീയമാകുമ്പോൾ കയ്യേറ്റക്കാർക്കുപോലും പിടിച്ചു നിൽക്കാനാവില്ലെന്ന് ഡോ.തോമസ് ഐസക് അഭിപ്രായപ്പെട്ടു.

സംസ്ഥാനത്ത് നടന്ന നദീ പുനരുജ്ജീവന പ്രവർത്തനങ്ങൾ പ്രളയത്തിന്റെ ആഘാതം കുറക്കുന്നതിൽ കാതലായ പങ്കു വഹിച്ചു എന്ന് ശിൽപ്പശാല ഉദ്ഘാടനം ചെയ്ത ജലവിഭവ വകുപ്പ് മന്ത്രി മാത്യു.ടി.തോമസ് അഭിപ്രായപ്പെട്ടു. സംസ്ഥാനത്ത് ജലാശയങ്ങൾ സംരക്ഷിക്കാനും അവ മലിനമാക്കുന്നതിനെതിരെ നിയമനിർമ്മാണം നടത്തിയത് സംബന്ധിച്ച് ശിക്ഷാവിധിക്ക് ഉപരി ജലസംരക്ഷണത്തിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനാകുമെന്നും മന്ത്രി മാത്യു.ടി.തോമസ് അഭിപ്രായപ്പെട്ടു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ.ടി.എൻ.സീമ ശിൽപ്പശാലയിൽ അധ്യക്ഷയായിരുന്നു. എം.എൽ.എ മാരായ ടൈസൺ മാസ്റ്റർ, ഐ.ബി.സതീഷ്, ഡോ.എൻ.ജയരാജ്, തിരുവനന്തപുരം കോർപ്പറേഷൻ മേയർ വി.കെ.പ്രശാന്ത്, കണ്ണൂർ കോർപ്പറേഷൻ മേയർ ശ്രീമതി ഇ.പി ലത എന്നിവർ പങ്കെടുത്തു. ഹരിത കേരളം മിഷൻ സാങ്കേതിക ഉപദേഷ്ടാവ് ഡോ.അജയകുമാർ വർമ്മ ശിൽപ്പശാലയിൽ മോഡറേറ്ററായിരുന്നു. മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ നദി സംയോജനം വരട്ടാർ നദി പുനരുജ്ജീവനം, കുട്ടമ്പേരൂർ പുഴ ശുചീകരണം, കാനാമ്പുഴ നദി പുനരുജ്ജീവനം, പെരുംതോട് ശുചീകരണം, കാട്ടാക്കട ജലസമൃദ്ധി, കബനി നദി ശുചീകരണം, മണിമലയാർ ശുചീകരണം, കിള്ളിയാർ മിഷൻ, കോലറയാർ ശുചീകരണം തുടങ്ങിയ നദി ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച അവതരണവും നടന്നു. സംസ്ഥാനത്തെ പത്തോളം പുഴകളുടെ ശുചീകരണത്തിനായുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച അവതരണങ്ങളും നദീ പുനരുജ്ജീവന മാർഗ്ഗരേഖയുടെ അവതരണവും നാളെ നടക്കും.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in